

ഫോട്ടോ : പി.എം. ജോസഫ്

കാസർകോട് നിന്ന് ആരംഭിച്ച ജനകീയ ജലാധികാര യാത്ര തിരുവനന്തപുരത്ത് സമാപിച്ചപ്പോൾ

# പ്ലാച്ചിമടയിൽ കമ്പനി നഷ്ടപരിഹാരം നല്കണം

ആർ. അജയൻ

**പ്ലാച്ചിമട** സമരം വെല്ലുവിളികൾ ഒന്നും നേരിടുന്നില്ല. പ്ലാച്ചിമട പ്രശ്നത്തിൽ ഉന്നയിക്കപ്പെട്ട പ്രധാന പ്രശ്നങ്ങളിൽ അടിസ്ഥാനപരമായത് കമ്പനി അടച്ചുപൂട്ടുക എന്നതുതന്നെയായിരുന്നു. കമ്പനി ഏകദേശം അടച്ചുപൂട്ടിയതുപോലെത്തന്നെയാണ്. ജനകീയ ജലാധികാരയാത്ര സമാപിച്ചപ്പോൾ കൊക്കക്കോള കമ്പനി പുറത്തിറക്കിയ പത്രക്കുറിപ്പ് തന്നെ അതിന് തെളിവാണ്. പത്രക്കുറിപ്പിൽ കമ്പനി പറയുന്നത് അതിവിദൂരഭാവിയിൽപോലും കമ്പനി തുറന്ന് പ്രവർത്തിക്കാൻ സാദ്ധ്യമല്ലെന്നാണ്. ഇത് കമ്പനിയുടെ പരാജയം സമ്മതിക്കലാണ്. പ്ലാച്ചിമട സമരത്തിലേർപ്പെട്ടവർ ആഹ്ലാദിക്കേണ്ട സംഭവമാണ് ഇത് എന്നാണ് എന്റെ അഭിപ്രായം. കമ്പനി എന്നന്നേക്കുമായി അടച്ചുപൂട്ടിയില്ലായെന്ന വസ്തുത നിലനിൽക്കുമ്പോൾ തന്നെ ഇത് വലിയ വിജയം തന്നെയാണ്.

ഇനി സമരപ്രവർത്തകരുടെ മുമ്പിൽ നിലനിൽക്കുന്ന പ്രധാന പ്രശ്നം പ്ലാച്ചിമടയിൽ പരിസ്ഥിതിക്കും ജീവനോപാധികൾക്കും ആരോഗ്യത്തിനും ഉണ്ടായ നഷ്ടങ്ങൾക്ക് കമ്പനി നഷ്ടപരിഹാരം നൽകുക എന്നതാണ്. സമരത്തിന്റെ അടുത്ത ഘട്ടം തുറക്കേണ്ടത് അതിലാണ്. ഇതിന് പ്ലാച്ചിമട സമരത്തിലേർപ്പെട്ടിരിക്കുന്നവർക്ക് ഒരുപാട് പരിമിതികളുണ്ട്. ഉണ്ടായ നഷ്ടം തിട്ടപ്പെടുത്തുക ഒക്കെ ചെയ്യേണ്ടതുണ്ട്. ഇതിന് കൂട്ടായ ചർച്ച അനിവാര്യമാണ്.

ഞാനിപ്പോഴും വിചാരിക്കുന്നത് കമ്പനി ഇനി തുറക്കില്ലെന്നു തന്നെയാണ്. അതുകൊണ്ട് ഇത് സമരത്തിന്റെ വിജയമായിതന്നെ കാണുന്നു. ഇനി നാം നേടേണ്ട നഷ്ടപരിഹാരം ഒരു രാത്രികൊണ്ടോ ഒരു പകലുകൊണ്ടോ നേടാവുന്നതല്ല. കാരണം നമുക്കറിയാം ഭോപ്പാൽ ദുരന്തമുണ്ടായിട്ട് 25 കൊല്ലമായി. എന്നിട്ടും നഷ്ടപരിഹാരകാര്യം പരിഗണിച്ചില്ല. അതിനർത്ഥം നിരന്തരമായ പോരാട്ടം ആവശ്യമാണ് എന്നാണ്.

ഇപ്പോൾ പ്ലാച്ചിമട കാര്യത്തിൽ സുപ്രീംകോടതിയിൽ നിൽക്കുന്ന കേസിൽ പഞ്ചായത്തും ജനങ്ങളും ഒരു ഭാഗത്തും കൊക്കക്കോള മറുഭാഗത്തുമാണ്. ഗവൺമെന്റും ഈ കേസിൽ ജനങ്ങളുടെ പക്ഷം ചേർന്നിട്ടുണ്ട്. ഇത് നിസ്സാരമായ സംഭവമല്ല. പക്ഷേ ഇക്കാര്യം പലർക്കും വേണ്ടത്ര ബോധ്യമായിട്ടില്ല. പ്ലാച്ചിമട കാര്യത്തിൽ കൊക്കക്കോളയ്ക്ക് എതിരെ ജനങ്ങളും ഗവൺമെന്റും ഒരേവശത്ത് വന്നുവെന്നത് രാഷ്ട്രീയമറിയുന്നവർക്ക് ആവേശമുണ്ടാക്കുന്ന കാര്യമാണ്. ഒറ്റ ദിവസം കൊണ്ടുണ്ടായതല്ല. സമരസമിതിയുടെയും ഐക്യദാർഢ്യസമിതിയുടെയും നിരന്തരമായ ശ്രദ്ധാപൂർവ്വമായ പ്രവർത്തനങ്ങൾ കൊണ്ടുണ്ടായതാണ്. ഇത് എല്ലായിടത്തും സംഭവിക്കുന്നതല്ല. മറ്റു പലയിടങ്ങളിലും കമ്പനിയും സ്റ്റേറ്റും ഒരേ ഭാഗത്തും ജനങ്ങൾ എതിർവശത്തുമാണ്. പ്ലാച്ചിമടയിൽ സമരത്തിന്റെ ഒരു ഘട്ടം കഴിഞ്ഞപ്പോൾ ജനങ്ങളും പഞ്ചായത്തും സ്റ്റേറ്റും ഒരു ഭാഗത്തായി എന്നത് ഒട്ടുംതന്നെ കുറച്ചുകാണാൻ ഞാനാഗ്രഹിക്കുന്നില്ല. സാധാരണ ബ്യൂറോക്രസിയും ഗവൺമെന്റ് സ്ഥാപനങ്ങളുമൊക്കെ ഇത്തരം കാര്യങ്ങളിൽ ചാഞ്ചാട്ടം നടത്തും. പക്ഷേ ഇന്ന് കൊക്കക്കോളയെ പ്രത്യക്ഷമായി സഹായിക്കുന്ന ഏത് സ്ഥാപനമാണ് ഗവൺമെന്റിലുള്ളത്. ഭൂജലവകുപ്പും ആരോഗ്യവകുപ്പും ഇന്ന് പ്രത്യക്ഷമായി ജനങ്ങളോടൊപ്പമാണ്. പരോക്ഷമായി ചിലപ്പോൾ കൊക്കക്കോളയെ സഹായിക്കുന്നുണ്ടാകാം. അങ്ങനെ ശ്രദ്ധയിൽ വന്നപ്പോൾ അത് ജനങ്ങൾക്ക് മുമ്പിൽ തുറന്നുകാണിച്ച് പരിഹരിക്കുക എന്നത് മാത്രമാണ് ഇതിന് മരുന്ന് എന്നു പറയുന്നത്. അതുകൊണ്ട് ഇപ്പോൾ ഭൂജലവകുപ്പും ആരോഗ്യവകുപ്പും ജനങ്ങളോട് അനുകൂലമായി നിൽക്കുന്ന സാഹചര്യം ഉപയോഗപ്പെടുത്താനും അതിനെ വികസിപ്പിക്കാനും ശ്രമിക്കുകയുമാണ് നാം ചെയ്യേണ്ടത്.

കഴിഞ്ഞമാസം പ്ലാച്ചിമടയിൽ നിയമസഭാ സബ്ജക്ട് കമ്മിറ്റി വന്നു. നാം നിവേദനങ്ങൾ കൊടുത്തു. മൂന്ന് വർഷം മുമ്പ് നിയമസഭാ സബ്ജക്ട് കമ്മിറ്റി തിരുവനന്തപുരത്ത് കൂടിയപ്പോൾ 9-12 പേരാണ് കൊക്കക്കോളക്ക് എതിരെ നിലപാട് എടുത്തിട്ടുള്ളവർ ഉണ്ടായിരുന്നത്. ആയിരക്കണക്കിന് ആളുകളെയാണ് കൊക്കക്കോള തിരുവനന്തപുരത്ത് പണം കൊടുത്ത് ഇറക്കുമതി ചെയ്തത്. അന്ന് നിയമസഭാ കവാടത്തിൽ നിന്ന് ചരിത്രത്തിൽ ആദ്യമായിട്ടാണ് ഞങ്ങൾ 12 പേർ അറസ്റ്റ് ചെയ്യപ്പെടുന്നത്. ഇന്ന് മൂന്ന് വർഷം കഴിയുമ്പോൾ സബ്ജക്ട് കമ്മിറ്റി പ്ലാച്ചിമട സമരപന്തലിൽ വരികയാണുണ്ടായത്. രണ്ട് മന്ത്രിമാരാണ് സമരപന്തലിൽ അന്ന് വന്നത്. മാത്രമല്ല ഭൂമിയില്ലാത്ത ആദിവാസികൾക്ക് ഭൂമി വാങ്ങി വീട് വെച്ചുകൊടുക്കാമെന്നും പന്തലിൽ വച്ച് പ്രഖ്യാപനമുണ്ടായി. ഇതൊരു നിസ്സാര സംഗതിയില്ല. ഇത് ഒരു സുപ്രഭാതത്തിൽ ഉണ്ടായതുമല്ല. പ്ലാച്ചിമടയിലെ ശബ്ദമില്ലാത്തവരുടെ ശബ്ദം കേൾക്കാൻ ഭരണകർത്താക്കൾ തയ്യാ

റായി എന്നത് വലിയൊരു വിജയമാണ്.

പ്ലാച്ചിമട സമരം എങ്ങനെയാണ് ഇനി മുന്നോട്ട് പോകേണ്ടത് എന്ന ഒരു ആശയവ്യക്തത ഉരുത്തിരിഞ്ഞു വരേണ്ടതുണ്ട്. ഇതിനായി നാം കുറെയധികം ഗൃഹപാഠങ്ങൾ ചെയ്യേണ്ടതുണ്ട്. ഇപ്പോൾ കാർഷിക സർവ്വകലാശാല നടത്തിക്കൊണ്ടിരിക്കുന്ന പഠനങ്ങൾക്ക് അവർ രണ്ടുതവണ പന്തലിൽ വന്നു പോയി. ഇതിലൊക്കെയാണ് ഇനി സമരസമിതി കൂടുതൽ ജാഗ്രത കാണിക്കേണ്ടത്. കുറെക്കൂടി സഹകരണ മനോഭാവത്തോടെ എന്തൊക്കെയാണ് അവിടെ നടന്നത് എന്ന് കാണിക്കാനും വിവരങ്ങൾ പറഞ്ഞുകൊടുക്കാനും നമുക്ക് കഴിയണം. സുപ്രീം കോടതിയിൽ കേസ് നടത്തുന്ന കാര്യവും നാം ഇനി കേന്ദ്രീകരിക്കേണ്ടതുണ്ട്.

കൊക്കക്കോള നിരോധനം കേരളത്തിൽ നടന്നത് വലിയ നേട്ടമാണ്. പിന്നീട് ഹൈക്കോടതി ഈ നിരോധന ഉത്തരവ് റദ്ദ് ചെയ്തു. പക്ഷേ കേരള ഗവൺമെന്റ് പുതിയൊരു ഫുഡ് അഡൽട്രേഷൻ ആക്ട് കൊണ്ടുവന്നിട്ടുണ്ട്. അതുകൊണ്ട് സുപ്രീംകോടതിയിൽ ഈ കേസ് വരുമ്പോൾ സംസ്ഥാന ഗവൺമെന്റിന് അധികാരമില്ലെന്ന വാദം പറയാനാവില്ല.

മറ്റൊരു നേട്ടം ഭൂജലവകുപ്പ് കേരള ഭൂജല നിയന്ത്രണ ആക്ട് (2002) നടപ്പിലാക്കി തുടങ്ങി എന്നതാണ്. സമരസമിതിയും ഐക്യദാർഢ്യസമിതിയും നിരന്തരമായി പുറകെ നടന്നു കഴിഞ്ഞിട്ടാണ് ചിറ്റൂർ ബ്ലോക്ക് നോട്ടിഫൈഡ് ഏരിയയായി പ്രഖ്യാപിക്കുന്ന രേഖ നീണ്ടുപോകാതെ ഒപ്പുവെയ്ക്കപ്പെട്ടത്. എന്നിട്ടും നോട്ടിഫൈ ചെയ്ത ഏരിയായിലെ ഭൂജല നിയന്ത്രണ നടപടികൾ രൂപപ്പെടുത്തുവാൻ ഭൂജല അതോറിറ്റി തീരുമാനമെടുക്കാൻ തിരുവഞ്ചൂർ രാധാകൃഷ്ണൻ മന്ത്രിയായിരുന്നപ്പോൾ കഴിഞ്ഞില്ല. ഇപ്പോൾ കഴിഞ്ഞയാഴ്ചയിലാണ് ഭൂജല അതോറിറ്റി അത്തരം നടപടികൾക്ക് രൂപം കൊടുത്തിട്ടുള്ളത്. ഇതൊക്കെ ഒരു സമരപ്രവർത്തകൻ എന്ന നിലയിൽ ആഹ്ലാദം നൽകുന്ന നേട്ടങ്ങളാണ്.

ഇനി വരാൻ പോകുന്ന കാര്യങ്ങളിൽ എല്ലാവരും കൂടി ആലോചിച്ച് മുന്നോട്ടുപോകും.

പ്ലാച്ചിമട കാര്യത്തിൽ നിയമങ്ങളുടെ അഭാവമോ അപര്യാപ്തതയോ അല്ല പ്രധാനം. നിയമങ്ങൾ നടപ്പിലാക്കുന്നതിന്റെയും വ്യാഖ്യാനിക്കുന്നതിന്റെയും പ്രശ്നമാണ്. 1972ലെ ജലനിയമത്തിൽ തന്നെ ജലസ്രോതസ്സുകൾ മലിനപ്പെടുത്തിയാൽ നടപടിയെടുക്കാമെന്ന് പറയുന്നുണ്ട്. അതുപോലെ പട്ടികജാതി അതിക്രമ നിരോധന ആക്ടിൽ ജലസ്രോതസ്സുകൾ മലിനപ്പെടുത്തിയാൽ കേസെടുക്കാമെന്നാണ്. ഇതൊക്കെയുണ്ടായിട്ടും കാര്യങ്ങൾ മുന്നോട്ടു പോകുന്നില്ല. കാരണം നിയമങ്ങൾ ആത്യന്തികമായി വ്യാഖ്യാനിക്കപ്പെടുന്നത് ആർക്കുവേണ്ടിയാണ് എന്നത് വ്യക്തമാണ്.

ഗവൺമെന്റ് സമരത്തോട് അനുഭാവം കാണിക്കുന്നുവെന്നാണ് കോള നിരോധന കേസിൽ ഹൈക്കോടതി മുമ്പാകെ കൊക്കക്കോള കമ്പനി വാദിച്ചത്. 1500 പേജുവരുന്ന പത്രവാർത്തകളാണ് ഇതിന്റെ തെളിവായി ഹൈക്കോടതിയിൽ കമ്പനി ഹാജരാക്കിയത്. അതുകൊണ്ട് നിവേദനങ്ങൾ സമർപ്പിക്കുമ്പോഴൊക്കെ വിശദമായ ചർച്ചക്ക് ഗവൺമെന്റ് തയ്യാറാകാതെ പോകുന്നത് ഈ തെറ്റിദ്ധാരണയില്ലാതാക്കാൻ വേണ്ടിയായിട്ടാണെന്നാണ് ഞാൻ കാണുന്നത്. ഈ ഗവൺമെന്റ് പ്ലാച്ചിമട സമരക്കാരെ വിളിച്ചിരുത്തി ചർച്ച ചെയ്താലും ഇല്ലെങ്കിലും സമരത്തോട് അനുഭാവപൂർണ്ണമായ നിലപാടാണുള്ളത് എന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഗവൺമെന്റിന്റെ മുമ്പിൽ ഇപ്പോഴുള്ള പ്രധാന ദൗത്യം സുപ്രീം കോടതിയിൽ പഞ്ചായത്ത് നൽകിയ അപ്പീലിനോടൊപ്പം ഗവൺമെന്റ് നൽകിയ അപ്പീലിൽ വിജയം നേടുക എന്നതാണ്. ഇതിനുവേണ്ടിയുള്ള ശ്രമത്തിൽ ഗവൺമെന്റിനെ സഹായിക്കുകയാണ് വേണ്ടത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പഞ്ചായത്തിന് കേസ് നടത്താൻ 500 രൂപ അനുവദിച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് ഒരു ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. ഐക്യദാർഢ്യ സമിതി കൊടുത്ത നിവേദനത്തിന്റെ ഫലമായിരുന്നു ഇത്. സമരപ്രവർത്തകരുടെ മേലുള്ള 11 ഓളം കേസുകൾ പിൻവലിക്കാൻ ഈ ഗവൺമെന്റ് തയ്യാറായി. കാർഷിക സർവ്വകലാശാലയുടെ കീഴിൽ പ്ലാച്ചിമട സമരം ഉന്നയിച്ച ചില പ്രശ്നങ്ങൾ പഠനം നടത്തുവാൻ ഗവൺമെന്റ് മുന്നിട്ടിറങ്ങിയില്ലേ. ഭൂജല സംരക്ഷണ ആക്ട് നടപ്പിലാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. മാത്രമല്ല ഇന്നുതന്നെ കോഴിക്കോട് കൊക്കക്കോള പെപ്സിയുടെ 16 സാമ്പിളുകൾ പിടിച്ചെടുത്തു. പരിശോധന നടത്തി കീടനാശിനി അംശം കണ്ടെത്തിയതിന്റെ റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്. കൊക്കക്കോള കമ്പനിക്ക് എതിരായി സമരം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗം തന്നെയാണ്.

പ്ലാച്ചിമടകൾ ആവർത്തിക്കില്ലായെന്ന് ഒരു ഉറപ്പും ആരും എഴുതിത്തരുമെന്ന് വിചാരിക്കേണ്ട. ആഗോളവത്കരണത്തിന്റെ ഈ കാലഘട്ടത്തിൽ നമുക്കുറപ്പിക്കാൻ കഴിയുന്നത് ജനകീയശക്തികൾ കൊണ്ട് ഇത്തരം കമ്പനികൾ വരില്ല എന്ന് മാത്രമാണ്. അതല്ലാതെ ഭരണകൂടം തീരുമാനിച്ചിട്ട്, ഇനി പ്ലാച്ചിമടകൾ ഉണ്ടാകില്ല എന്ന ഗവൺമെന്റിന്റെ ഉറപ്പിന്മേൽ പ്ലാച്ചിമടകൾ ഉണ്ടാകാതെയിരിക്കുമെന്ന വിശ്വാസം എനിക്കില്ല. ഒരു ഇടതുപക്ഷ ഗവൺമെന്റ് എന്നൊക്കെ പറയുന്നത് ഇന്ത്യാ ഗവൺമെന്റിന്റെ ചട്ടക്കൂട്ടിൽ നിന്നുകൊണ്ടാണ് പ്രവർത്തിക്കുന്നത്. ഈ ഗവൺമെന്റിന് ചട്ടക്കൂടിന്റേതായ എല്ലാ പരിമിതികളും ഉണ്ട്. സ്വാശ്രയ കോളേജ് പ്രശ്നത്തിലൊക്കെ നിയമനിർമ്മാണം നടത്തുമ്പോൾ കടുത്ത ശത്രുത ഈ ഗവൺമെന്റ് നേരിടേണ്ടി വരുന്നു. ഇവിടെ ഇത് പറയുന്നത് എന്തുകൊണ്ടെന്നാൽ ഗവൺമെന്റിന്റെ പരിമിതികൾ സമരപ്രവർത്തകർ അറിഞ്ഞിരിക്കണം എന്നതുകൊണ്ടാണ്. എന്നുവെച്ച് ഗവൺമെന്റിന്റെ പരിമിതികൾ കണ്ടുകൊണ്ട് സമരപ്രവർത്തകർ അടങ്ങിയിരിക്കണമെന്നല്ല ഉദ്ദേശിക്കുന്നത്. ഗവൺമെന്റിന്റെ പരിമിതികൾ കണ്ടുകൊണ്ടുതന്നെ നാം സമര പരിപാടികൾ ആസൂത്രണം ചെയ്തുകൊണ്ട് മുന്നോട്ടു പോകണം.

*'നീരജം', കുടപ്പനകുന്ന്, തിരുവനന്തപുരം-43*

**books | magazines | periodicals**

Byword BOOKS

marva plaza, machingal lane, m.g. road, thrissur

Tel. : 0487 3256689, Mob : 9847764577

**for rare and new books**